"ഭരണഭാഷ – മാതൃഭാഷ"

നം:എ1/10240/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 05/08/2022
**ഇ-മെയിൽ- supdta.dge@kerala.gov.in**

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം-ജീവനക്കാര്യം - അന്തർജില്ലാ സ്ഥലംമാറ്റം 2022-23 അദ്ധ്യയന വർഷം അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റം - സമയക്രമം പുന:ക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:- 18/07/2022 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ.

****

സൂചനയിലെ സർക്കുലർ പ്രകാരം 2022-23 അദ്ധ്യയന വർഷത്തെ അദ്ധ്യാപകരുടെ സ്ഥലംമാറ്റത്തിനുള്ള നടപടി ക്രമങ്ങളും സമയക്രമവും നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ സ്കൂൾ തലത്തിലും വിദ്യാഭ്യാസ ഉപജില്ലാ തലത്തിലും അപേക്ഷകളുടെ പരിശോധന പൂർത്തിയാകാത്തതിനാൽ ചുവടെ ചേർക്കുന്ന രീതിയിൽ തീയതികൾ പുന:ക്രമീകരിക്കുന്നു.

1. സ്കൂൾ തലത്തിലും വിദ്യാഭ്യാസ ഉപജില്ലാ തലത്തിലും അപേക്ഷകൾ പരിശോധിക്കുന്നതിന് അനുവദിച്ച സമയം **06/08/2022** വരെ.
2. വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ അപേക്ഷ പരിശോധിക്കുന്നതിനും സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും അപേക്ഷകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് അപേക്ഷകർ, പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ രേഖാമൂലം ആവശ്യപ്പെടുന്ന തിരുത്തലുകൾ അനുവദിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള സമയപരിധി **10/08/2022** വരെ.
3. ജില്ലയിൽ ഓരോ തസ്തികയിലേക്കും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ (സീനിയോറിറ്റി) അടങ്ങിയ സംക്ഷിപ്ത രൂപം (താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ്) പ്രസിദ്ധീകരിക്കുന്നതിനുള്ള അവസാന തീയതി **16/08/2022.**
4. സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് അപേക്ഷകർക്ക് ആക്ഷേപം സമർപ്പിക്കുന്നതിനുള്ള സമയപരിധി **17/08/2022** മുതൽ **20/08/2022** വരെ.
5. ആക്ഷേപങ്ങൾ പൂർണ്ണമായി പരിഹരിച്ച് അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള അവസാന തീയതി **25/08/2022.**
6. ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകർ എന്നിവരുടെ താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അവസാന തീയതി **26/08/2022.**
7. താൽക്കാലിക സ്ഥലംമാറ്റ ഉത്തരവിൽ ആക്ഷേപം സമർപ്പിക്കുവാൻ അനുവദിച്ചിരിക്കുന്ന സമയപരിധി **27/08/2022** മുതൽ **29/08/2022** വരെ.
8. ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകർ എന്നിവരുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള തീയതി **31/08/2022.**

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച് പുതിയ ജില്ലകളിൽ ജോലിയിൽ പ്രവേശിക്കുന്ന അദ്ധ്യാപകർ ആ ജില്ലയിലെ ജൂനിയർമോസ്റ്റ് അദ്ധ്യാപകന്റെ ജൂനിയർ ആയിരിക്കും എന്ന വ്യവസ്ഥ നിലനിർത്തി അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന എല്ലാ വിഭാഗത്തിലെയും അദ്ധ്യാപകരെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ **15/09/2022** നകം റിലീവ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

സമയക്രമം കർശനമായി പാലിക്കുന്നതിന് ഓരോ തലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:-

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം

} വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

3) എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4) എല്ലാ പ്രധാനാദ്ധ്യാപകർക്കും

} ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന

5) എ3/എ5/എ6 സെക്ഷനുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
6) കരുതൽ ഫയൽ

MS/-